# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 27** **May 2013** **No.2**

# എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും ജനങ്ങൾക്കിടയിൽ പൊതുവിൽ സംസാരിച്ചു കേൾക്കുന്നത് ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളാണ്. അത് മതപരമായാലും, രാഷ്ട്രീയമായാലും, സാംസ്ക്കാരികമായാലും ശരിയാണ്. അരുതാത്തത് പറയുകയും ചെയ്യുകയും ചെയ്യുമ്പോൾ അതിന്റെ പ്രത്യാഘാതം വലുതായിരിക്കും.എന്നു നാം ഓർക്കണം. ദീർഘവീക്ഷണം ഇല്ലാതെ താൽകാലിക ലാഭത്തിനായി പ്രവർത്തിക്കുമ്പോഴാണ് അങ്ങനെ സംഭവിക്കുന്നത്. അടിസ്ഥാനപരമായി ഭൂരിഭാഗം പേരും അങ്ങനെ ഇതു മനസിലാക്കുന്നില്ല എന്നു വേണം കരുതുവാൻ. ആദ്യ മനുഷ്യന്റെ ആദ്യ ലംഘനം തൊട്ടു ഇന്നു വരെ നാം ആ പ്രതിഭാസം കാണുന്നു. ആ പ്രവണത ആർക്കും ഗുണമല്ല ദോഷമാണ് വരുത്തി വെക്കുന്നത്. മനസിനേയും, ശരീരത്തെയും, ആത്മാവിനേയും നശിപ്പിക്കുന്ന മനോഭാവത്തിന്റെ ഉത്ഭവത്തെ കുറിച്ചും അതിന്റെ കാരണത്തെ കുറിച്ചും നാം തിരിച്ചറിയണം.

ദൈവത്തിന്റെ പദ്ധതിയോട് പോരാടുന്ന ഒരു ശക്തി നാം ആരംഭം മുതൽ കാണുന്നു. ന്യായത്തെ അന്യായം കൊണ്ടും സത്യത്തെ അസത്യം കൊണ്ടുമാണ് എതിർക്കുന്നത്. പിശാചാണ് മനുഷ്യരെ കൊണ്ട് തെറ്റു ചെയ്യിക്കുന്നത്. ദൈവികമായ വ്യവസ്ഥയെ എതിർക്കുന്നവർ ആരായാലും, അവരിൽ പിശാച് പ്രവർത്തിക്കുന്നു എന്നു നാം അറിയണം. നമ്മുടെ ഹൃദയവിചാരത്തെ നിയന്ത്രിക്കുവാൻ നാം ഒരിക്കലും പിശാചിനെ അനുവദിക്കരുത്. ദൈവേഷ്ടമനുസരിച്ച് ജീവിച്ചാൽ നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കും. അതിനു വിരുദ്ധമായി പ്രവർത്തിച്ച് നമ്മുടെ സമാധാനം ഇല്ലാതാക്കുന്നത് സാത്താന്റെ ഉപായമാണ്.

പിശാച് മനുഷ്യരിൽ തെറ്റിദ്ധാരണ പരത്തുകയും ദുർച്ചിന്ത, ദുരാരോപണം, ദുഷ്കാമം, ദുരുപായം, ദുരുപദേശം എന്നിവ സാത്താനിൽ നിന്നുത്ഭവിക്കുന്നതാണ്. ചുരുക്കി പറഞ്ഞാൽ ഏതൊരു തെറ്റും പിശാചിന്റെ പ്രേരണയാൽ സംഭവിക്കുന്നു. പ്രലോഭനം നിമിത്തമോ, അനാവശ്യമായ വാഗ്ദാനം നിമിത്തമോ ആളുകൾ വഞ്ചിക്കപ്പെടുകയാണ്. ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത് സംശയിക്കേണ്ട കാര്യമില്ല. അവൻ അത് നിറവേറ്റുക തന്നെ ചെയ്യും. ദൈവത്തിന്റെ നിയമങ്ങളെല്ലാം നമ്മുടെ നന്മക്കു വേണ്ടിയാണ് നൽകിയിരിക്കുന്നത് എന്ന് എല്ലാവരും തിരിച്ചറിയണം. ദൈവവുമായി നല്ല ബന്ധം പുലർത്തിയാൽ മാത്രമെ നമ്മുടെ ജീവിതം ശോഭനമാകുകയുള്ളു. നാം സന്തോഷിക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, പിശാച് നമ്മെ ദുഃഖിപ്പിക്കുവാൻ ശ്രമിക്കുന്നു. പാപം താൽക്കാലിക സുഖം പ്രദാനം ചെയ്യുമ്പോൾ, ദൈവ നിയമം നമ്മെ നിത്യ സന്തോഷത്തിലേക്ക് നയിക്കുന്നു.

ദൈവസഹായത്താൽ മാത്രമെ നമുക്ക് സാത്താനെ പരാജയപ്പെടുത്തുവാൻ കഴിയു. അതുകൊണ്ട് മറ്റൊന്നിലും ആശ്രയം വെക്കാതെ ദൈവത്തിൽ മാത്രം ആശ്രയം വെക്കുക. നമ്മുടെ ചിന്തയെ മാറ്റുവാൻ ശരിയായ ബോധം നമുക്ക് ആവശ്യമാണ്. ദൈവവചനം നമുക്ക് തന്നിരിക്കുന്നതിന്റെ ഉദ്ദേശം അതാണ്. വായിക്കുന്നതും കേൾക്കുന്നതുമായ വചനം ശക്തിയുള്ളതാണ്. മാനുഷിക ബുദ്ധിയേക്കാളും ദൈവത്തിന്റെ ജ്ഞാനമാണ് നമുക്ക് ആവശ്യം. ലോകപ്രകാരമുള്ള അറിവിനേക്കാളും ആത്മികപരിജ്ഞാനമാണ് ദൈവത്തെ പ്രസാദിപ്പിക്കുവാൻ വേണ്ടത്. ഇന്നു ഭൂരിഭാഗം പേരും സാത്താനു കീഴ്പ്പെട്ട് ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവരാണ്. അതുകൊണ്ടുണ്ടാകുന്ന ദോഷത്തെ ആളുകൾ കാണുന്നില്ല കാരണം സാത്താൻ അവരുടെ കണ്ണ് കുരുടാക്കിയിരിക്കുന്നു. ശരിയായ കാഴ്ച്ചപ്പാടില്ലാത്തവരാണ് തെറ്റായ കാര്യങ്ങൾ അവരുടെ സ്വാർത്ഥതക്കായി ചെയ്യുന്നത്. പക്ഷെ അനന്തരഫലങ്ങൾ നാശത്തിലെത്തിക്കും എന്നു മനസിലാക്കുക.

നിങ്ങളുടെ ജീവിതം ദൈവത്താൽ അനുഗ്രഹിക്കപ്പെടുവാൻ ദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിക്കുകയും, പാപങ്ങളെ ഉപേക്ഷിക്കുകയും ചെയ്തു യേശുക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റു പറയുകയും, പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്നു മരണത്തോളം വചനത്തിൽ വിശ്വസ്തമായി ജീവിച്ചാൽ നിത്യജീവൻ ലഭിക്കും.

✶

# ശ്രദ്ധയോടെ ദൈവ കല്പനകൾ പ്രമാണിക്കൽ

## *J.C.* ചോട്ട്

ദൈവം മനുഷ്യ നന്മക്കായി തന്നിട്ടുള്ള കല്പനകളെ നാം ഓരോരുത്തരും അനുസരിക്കേണ്ടതാകുന്നു. ചിലർ അതു ശ്രദ്ധയോടെ ചെയ്യുന്നു. മറ്റുള്ളവർ ലാഘവത്തോടെ അശ്രദ്ധമായി ചെയ്യുന്നു. മനസിനെ ഏകാഗ്രമായി സൂക്ഷിക്കാതെ ഇരിക്കുന്നവർ ഉണ്ട്. നമ്മൾ കാര്യമായി എന്തെങ്കിലും പറയുമ്പോൾ അവർ ശ്രദ്ധിക്കുന്നുണ്ട് എന്നു നമുക്കു തോന്നും. പക്ഷെ അവരുടെ മനസ് മറ്റെവിടെയെങ്കിലും ആയിരിക്കും. പിന്നീട് ഒരവസരത്തിൽ ഞാൻ അന്നു നിങ്ങളോട് അതു പറഞ്ഞില്ലേ എന്നു ചോദിക്കുമ്പോൾ അവർ കൈമലർത്തും. അശ്രദ്ധ പലരേയും കാർന്നു തിന്നുന്നുണ്ട്. ഒരുപക്ഷെ അവർ ആ സമയത്ത് മറ്റെന്തെങ്കിലും പ്രശ്നങ്ങളാൽ വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. എങ്ങനെയായാലും അതുകൊണ്ടുണ്ടാവുന്ന അനന്തര ഫലങ്ങൾ നാം സൂക്ഷിക്കേണ്ടതാണ്. കുട്ടികളിലും പ്രായമുള്ളവരിലും ഇതു ദൃശ്യമാണ്.

മോശ, യിസ്രായേൽ ജനത്തെ നയിച്ചുകൊണ്ടിരുന്നപ്പോൾ ദൈവം അവരോട് ആജ്ഞാപിച്ച ചട്ടങ്ങളും വിധികളും അറിയിച്ചുകൊണ്ടിരുന്നു. ദൈവ കല്പനകൾ എങ്ങനെ പ്രമാണിക്കണമെന്നു അവൻ അവരോടു പറയുകയുണ്ടായി. "ഞാൻ ആജ്ഞാപിക്കുന്ന ഈ സകല കല്പനകളും ജാഗ്രതയോടെ പ്രമാണിച്ചു നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയെ സ്നേഹിക്കയും അവന്റെ എല്ലാ വഴികളിലും നടന്നു അവനോടു ചേർന്നിരിക്കയും ചെയ്താൽ യഹോവ ഈ ജാതികളെയെല്ലാം നിങ്ങളുടെ കയ്യിൽ നിന്നു നീക്കികളയും; നിങ്ങളെക്കാൾ വലിപ്പവും ബലവും ഉള്ള ജാതികളുടെ ദേശം നിങ്ങൾ കൈവശമാക്കും (ആവർത്തനം 11:22,22). ജാഗ്രത, ശ്രദ്ധ എന്നതു പറയുമ്പോൾ എങ്ങനെയെങ്കിലും അനുസരിച്ചാൽ പോരാ എന്നു വ്യക്തം. ദൈവ കല്പനകൾ അനുസരിക്കുന്നവർ അതു പൂർണ്ണ ഗൗരവത്തോടെ വേണം ചെയ്യുവാൻ. ഫലം തരുന്ന

ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. ഒരിക്കലും ഒരു ചടങ്ങായി തീരരുത് എന്ന് സ്പഷ്ടം.

"എല്ലാ കല്പനകളും നിങ്ങൾ ശ്രദ്ധയോടെ കേട്ടനുസരിക്കുന്നുവെങ്കിൽ" എന്ന പ്രയോഗം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ദൈവത്തെ ശ്രദ്ധാപൂർവ്വം അനുസരിക്കുന്നതിന്റെ ഫലമായി കിട്ടുന്നതാണ് ദൈവാനുഗ്രഹങ്ങൾ. അതായത് ദൈവത്തിന്റെ അരുളപ്പാടുകളെ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നവർക്ക് ദൈവം അനുഗ്രഹം കൊടുക്കുന്നില്ല. ദൈവത്തെ അനുസരിക്കുവാൻ താല്പര്യപ്പെടുന്നവർ അതു ഗൗരവത്തോടെ വേണം ചെയ്യുവാൻ. അവന്റെ നിർദ്ദേശങ്ങൾ അവർ കർശനമായി പാലിക്കയും വേണം. നിസാരമായി തള്ളിക്കളയാവുന്ന ഒന്നല്ല ഇത്. അലംഭാവത്തോടെ ചെയ്യേണ്ടതല്ല ദൈവത്തെ അനുസരിക്കൽ. അതു ഹൃദയത്തിൽ തോന്നിയിട്ടു വേണം. യാന്ത്രികമായ ചടങ്ങുകളാൽ ദൈവത്തെ പ്രീതിപ്പെടുത്താമെന്ന് വിചാരിക്കേണ്ട. ദൈവ വിധികളും വഴികളും സൂക്ഷ്മമായി പരിശോധിച്ച് അത് അങ്ങനെ തന്നെ അനുസരിക്കണം. അല്പം പോലും മാറ്റം വരുത്തരുത്. ദൈവത്തിന്റെ ആത്മീയ നിലവാരത്തിനു കോട്ടം സംഭവിക്കുവാൻ സാദ്ധ്യമല്ല. ദൈവത്തെ നാം തരം താഴ്ത്താൻ ശ്രമിക്കരുത്.

മോശയുടെ കാലത്ത് ദൈവ ജനമായിരുന്ന യിസ്രായേലും ദൈവവുമായുള്ള ബന്ധം എങ്ങനെയായിരുന്നു എന്നതു പരിശോധിക്കാം. ദൈവത്തിന്റെ ഉപദേശങ്ങളെ അവർ ലാഘവത്തോടെ കണക്കാക്കിയപ്പോൾ അതിന്റെ ഫലം എന്തെന്ന് അവരെ ബോദ്ധ്യപ്പെടുത്തി കൊടുക്കുന്നു. അവർ അന്നു ശ്രദ്ധയോടെ ദൈവ കല്പനകൾ കൈകാര്യം ചെയ്യണമായിരുന്നു. ഇന്നു നാം പുതിയ നിയമത്തിൻ കീഴിൽ ജീവിക്കുന്നവരാണ്. നമുക്ക് അവരേക്കാൾ ഈ കാര്യത്തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഇല്ല. നമ്മളും ദൈവ കല്പനകൾ ജാഗ്രതയോടെ നിവർത്തിക്കണം. യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്നവനു ദൈവം ഇല്ല എന്നു പറഞ്ഞിരിക്കുന്നു (2 യോഹന്നാൻ 9,10). കർത്താവ് എന്താണ് പറഞ്ഞിരിക്കുന്നതെന്നു ശ്രദ്ധിച്ചു വായിച്ചു മനസിലാക്കണം. കേട്ട് ജാഗ്രതയോടെ അനുസരിക്കണം. പുതിയ നിയമത്തിൽ എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ഭാവിക്കരുത്. അതിൽ മായം കലർത്ത

രുത്; കൂട്ടുകയോ കുറയ്ക്കുകയോ അരുത്. നമ്മുടെ ദൈവം തീഷ്ണതയുള്ളവനാണ് എന്നോർക്കുക നാം ദൈവവുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതാണ് നമ്മുടെ ദൈവത്തോടുള്ള അനുസരണം.

ദൈവേഷ്ടം നിറവേറ്റിയാൽ അവരുടെ കഴിവുകൾക്കപ്പുറമായി പലതും ചെയ്യുവാൻ തക്ക ശക്തി നല്കി ദൈവം തങ്ങളെ അനുഗ്രഹിക്കുമെന്ന് പുരാതന കാലത്ത് ജീവിച്ചിരുന്ന ദൈവ ജനം മനസിലാക്കി. അന്നു അങ്ങനെയായിരുന്നുവെങ്കിൽ അതിനു ഇന്നും മാറ്റമില്ല. നാം ദൈവത്തിനു കീഴ്പ്പെടുന്നുവെങ്കിൽ അവൻ നമ്മെ രക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യും. അമാനുഷമോ അത്ഭുതമോ ആയ കാര്യങ്ങളെയല്ല ഞാൻ സൂചിപ്പിക്കുന്നതു. പിന്നെയോ നമുക്ക് അസാദ്ധ്യമായ വൻകാര്യങ്ങളെ ദൈവം നമ്മിൽ വസിച്ചു. ശക്തി പകർന്നു പ്രവർത്തിക്കും. തന്നെ അനുസരിക്കുന്നവർക്കാണ് ഈ നേട്ടം അനുഭവിക്കാൻ പറ്റുന്നതു. എന്നും നാം ഓർക്കണം, ദൈവത്തെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ സകലവും സാധ്യമാണ്. ഇതു ദൈവത്തിന്റെ വാഗ്ദാനമാണ്. മുൻകാല അനുഭവങ്ങൾ നമ്മെ ഉറപ്പിക്കുവാൻ പര്യാപ്തമാണ്.

നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി തരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതത്തിൽ അധികമൊന്നും കർത്താവ് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിന്റെ കുറവ് നമ്മിൽ തന്നെയാണ്. അവൻ പ്രവർത്തിക്കേണ്ടതിനു നാം അവനെ അനുവദിക്കുന്നില്ല എന്നു സാരം. നാം ഇടർച്ചയും തടസവുമായി നിലകൊള്ളുന്നു.നാം അവനെ അവിശ്വാസത്താൽ, സംശയത്താൽ നിരസിക്കുന്നു. അതുകൊണ്ട് അവനെ അനുസരിക്കയോ സേവിക്കയോ അവന്റെ ഇഷ്ടം പാലിക്കയോ ചെയ്യുന്നില്ല. നാം നമ്മുടെ ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. സംശയത്തിൽ നിന്നു ഭയവും തൻനിമിത്തം പാപവും ഇടയിൽ വന്നുചേരുന്നു. നാം നമ്മെ തന്നെ ഒന്നു വിലയിരുത്തിയാൽ സംശയിക്കുന്ന നാം എത്ര വിഡ്ഢികളാണ്? നാം എത്ര അല്പ വിശ്വാസികളാണ്? കർത്താവിങ്കലേക്ക് കണ്ണു തുറക്കുന്നവർക്കേ അതു തിരിച്ചറിയാനാകു. ഇങ്ങനെയുള്ള തിരിച്ചറിവ് നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാകുന്നു. അങ്ങനെ കർത്താവിന്റെ ആലോചന പ്രകാരമേ നടക്കു. തൽഫലമായി എല്ലാ

ദൈവിക അനുഗ്രഹങ്ങളും നമുക്കായി ചൊരിയുന്നു.

ലോകത്തിൽ നമുക്ക് ചുറ്റുപാടും ഒന്നു കണ്ണോടിച്ചു നോക്കാം. അശ്രദ്ധയോടെ തെറ്റുകൾ ചെയ്യുന്നവവർ പെട്ടന്നു കൊല്ലപ്പെടുവാൻ സാധ്യതയുണ്ട്. നമ്മുടെ പഠനത്തിൽ, ജോലിയിൽ, കളികളിൽ, സഭയിൽ എല്ലാം നാ വളരെ ശ്രദ്ധയോടെ വേണം; പ്രവർത്തിക്കുന്നത് ജാഗ്രതയോടെയായിരിക്കണം. റോഡിൽ കൂടെ നടക്കുമ്പോഴോ, വാഹനം ഓടിക്കുമ്പോഴോ ശ്രദ്ധ പോയാൽ എന്തു സംഭവിക്കും എന്നു ചിന്തിച്ചു നോക്കുക. അപകടം സംഭവിക്കാൻ ഇടയാകും. വിമാനം ഓടിക്കുന്നവർക്കോ അവർക്കും അത്യാവശ്യമായ ചില ജോലികൾ ശ്രദ്ധിച്ചില്ലെങ്കിൽ അപകടം വരുത്തിവെക്കും. ഡോക്ടർ ചികിത്സിക്കുന്ന രോഗിയിൽ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ മരണം നിശ്ചയമാണ്. വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യങ്ങളാണ് എല്ലാ ജോലികലും. ഈ പ്രവർത്തനങ്ങളെല്ലാം ചെയ്യേണ്ടതു ശ്രദ്ധയോടെയാകണം എന്നു വരികിൽ അതിനേക്കാൾ എത്രയോ ശ്രദ്ധയോടെ വേണം ദൈവ വചനത്തേയും അവന്റെ നിർദ്ദേശങ്ങളേയും പിൻപറ്റുവാൻ. ശ്രദ്ധിച്ചില്ലെങ്കിൽ അവസാനം നിത്യമായ മരണമായിരിക്കും ഫലം.

ആദ്യമായി, രക്ഷ പ്രാപിക്കുന്നതിനു നമുക്ക് ഒരു ആത്മാവുണ്ട്. ആകയാൽ അവന്റെ ഉപദേശം അനുസരിക്കുവാൻ ദൈവവചനം വായിച്ച് ദൈവേഷ്ടം മനസിലാക്കണം. അവന്റെ നിർദ്ദേശങ്ങളെ പിൻപറ്റുമ്പോൾ ദൈവം പറഞ്ഞിരിക്കുന്നതു പോലെയാണോ നാം ചെയ്യുന്നതു എന്നു ഉറപ്പു വരുത്തണം. നാം അവനെ അനുസരിക്കുന്നതിൽ പരാജയപ്പെട്ടാൽ രക്ഷ കിട്ടുകയില്ല. മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ ദൈവവചനം കൈകാര്യം ചെയ്യുന്നതു അതീവ ശ്രദ്ധയോടെയായിരിക്കണം. നാം ഒരിക്കലും മറ്റുള്ളവരെ വഞ്ചിക്കയോ തെറ്റായി നയിക്കയോ ചെയ്യരുത്. ദൈവത്തിൽ നിന്നു ആരെയും അകറ്റുകയും അരുത്. കേൾക്കുന്നവർ ഗ്രഹിക്കേണ്ടതിനു നാം ക്ഷമയോടെ, ശ്രദ്ധയോടെ ഓരോ വാക്യവും എടുത്തു കാണിച്ചു കൊടുത്തു അനുസരിക്കാൻ പഠിപ്പിക്കണം. അല്ലെങ്കിൽ അതു അവർക്കു പ്രയോജനപ്പെടുകയില്ല.

അവസാനമായി ഒന്നുകൂടെ ഓർപ്പിക്കട്ടെ. നാം ദൈവവുമായി, അവന്റെ വചനത്തെയും ആത്മാവിനെയും നിത്യതയേയും ആണ്

കൈകാര്യം ചെയ്യുന്നത്. അപ്പോൾ പ്രാധാന്യം എങ്ങനെ കുറച്ചു കാണാൻ പറ്റും? തെറ്റു സംഭവിക്കാതെ ശ്രദ്ധയും ജാഗ്രതയും പുലർത്തണം.

✶

# യേശുവിനായി ജീവിക്കുക

## ജോണി രാംസെ

ഒരിക്കൽ അലസനും വികൃതിയുമായ ഒരു വിദ്യാർത്ഥിയെ നന്നാക്കിയെടുക്കാൻ അവന്റെ അദ്ധ്യാപകൻ ശ്രമിച്ചു. ആരംഭത്തിൽ പലരും പറഞ്ഞു "ഇതു പാഴ് വേലയാണെന്നു" പക്ഷെ അദ്ദേഹത്തിനു ശുഭാപ്തിവിശ്വാസം ഉണ്ടായിരുന്നു. അതുകൊണ്ടു അയാൾ കഴിയുന്ന വിധത്തിലെല്ലാം അവന്റെ സ്വഭാവത്തെ മാറ്റിയെടുക്കാൻ തയ്യാറായി. അവനോട് സ്നേഹ വായ്പും വാൽസല്ല്യവും കാണിച്ചു കൊണ്ടാണ് അവന്റെ തെറ്റുകളെ മറക്കാൻ ശ്രമിച്ചത്. ഒടുവിൽ അവന്റെ നിഷേധാത്മകമായ സ്വഭാവങ്ങൾ ഒന്നൊന്നായി നീങ്ങി. വളരെ മിടുക്കനായ ഒരു വിദ്യാർത്ഥിയാണ് അവനെന്ന് തെളിയിക്കപ്പെട്ടു. പഠനത്തിലും കായിക വിനോദങ്ങളിലും മറ്റു സൃഷ്ടി പരമായ പ്രവർത്തനങ്ങളിലും അവൻ വ്യാപൃതനായി. ആ അദ്ധ്യാപകനുണ്ടായ സന്തോഷത്തിനും അതിരില്ലായിരുന്നു. ഒരു പടയാളി അവന്റെ പ്രവർത്തിയും ലക്ഷ്യവും ധൈര്യവും പ്രാഗത്ഭ്യവും പ്രകടമാക്കുമ്പോൾ വാസ്തവത്തിൽ സൈന്യാധിപനു അവനിൽ അഭിമാനം ഉണ്ടാകും.

ഒരു ഓഫീസിൽ ആയാലും കമ്പനിയിൽ ആയാലും ശരി ഉദ്യോഗസ്ഥൻ തന്റെ കഠിനാധ്വാനവും കഴിവും ആത്മാർത്ഥമായി പ്രകടിപ്പിക്കുമ്പോൾ അവന്റെ മേലുദ്യോഗസ്ഥൻ തികച്ചും സന്തുഷ്ടനായി തീരും. ഖേദത്തോടെ പറയട്ടെ ഇത്തരം ആളുകൾ വളരെ വിരളമാണ്. സത്യ സന്ധതയും ആത്മാർത്ഥതയും കഠിനാദ്ധ്വാനവും ഇന്നു കുറഞ്ഞു കൊണ്ടിരിക്കുന്നു. എങ്ങനെയെങ്കിലും തള്ളിനീക്കണം എന്ന പ്രവണതയാണ് എവിടെയും കാണുന്നത്. സഭാ തലങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. സ്വർഗ്ഗത്തിലെ യജമാനനെ സന്തോഷിപ്പി

ക്കുക എന്നതിനായിരിക്കണം ഓരോരുത്തരുടേയും ലക്ഷ്യം. നാം ജീവിക്കുന്ന തലമുറ സമ്പൽ സമൃദ്ധമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്ന ശ്രമത്തിലാണ്. എല്ലാവർക്കും ഓരോ ജീവിതോപാധി നൽകുവാൻ ലോകം കടപ്പെട്ടിരിക്കുന്നു എന്ന തോന്നലാണ് മിക്കവർക്കും ഉള്ളത്. അത്തരത്തിലുള്ള പൊള്ളയായ ചിന്ത കർത്താവിന്റെ രാജ്യമാകുന്ന അവന്റെ സഭയിലും കടന്നു കൂടിയിട്ടുണ്ട്. അതു ദുഃഖകരവും അപകടകരവുമായ ഒരു ചിന്തയാണ് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല തിരുവെഴുത്തു വ്യക്തമായി പഠിപ്പിക്കുന്ന സത്യമാണ് നാം ശിഷ്യത്വത്തോടു ആത്മാർത്ഥതയും വിശ്വസ്തതയും പിലർത്തണം എന്നതു.

ഏലി ശമുവേലിനു കൊടുത്ത നിർദ്ദേശം വളരെ അർത്ഥവത്താണ് "യഹോവേ അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു" (ശമുവേൽ 3:9). കർത്താവ് കല്പിക്കുന്നതെല്ലാം അനുസരിക്കുവാനുള്ള മനോഭാവം ഏവർക്കും ഉണ്ടായിരിക്കണം. ദൈവത്തിനുവേണ്ടി ചിലവിടുവാൻ നാം ശീലിക്കണം. ദാവീദ് ദൈവത്തിനു യാഗം കഴിക്കുവാൻ വേണ്ട സാമഗ്രികൾ സൗജന്യമായി ലഭിച്ചുവെങ്കിലും സ്വീകരിക്കാതെ അതിന്റെ വില കൊടുത്തു വാങ്ങി യാഗം കഴിക്കയാണ് ചെയ്യുന്നതു. ദൈവത്തിനായി കൊടുക്കുവാൻ നമുക്ക് മനസുണ്ടാകണം (2 ശമുവേൽ 24:24). ദൈവീക ശുശ്രൂഷയിൽ ഉറ്റിരുന്ന പൗലോസിനെ അന്നത്തെ ഭരണാധികാരികൾ തടവിലാക്കിയപ്പോൾ, തടവിൽ കിടന്നു പറയുന്നതു "ഞാൻ പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞുകൊണ്ടു ലാക്കിലേക്കു ഓടുന്നു എന്നാണ്" (ഫിലിപ്പിയർ 3:14). ദൈവത്തെ അന്വേഷിച്ച് അവനെ അനുസരിക്കയായിരിക്കണം ഓരോരുത്തരുടേയും പ്രഥമ ആവശ്യം (യോഹന്നാൻ 5:29). ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ നാം മടുത്തു പോകരുത് (ഗലാത്യർ 6:9). ദൈവത്തോടുള്ള നിരന്തരമായ കൂട്ടായ്മയും പ്രാർത്ഥനയും ധ്യാനവും ഉപദേശ കേൾവിയും ആയിരിക്കണം നമ്മുടെ സന്തോഷം. ജീവിക്കുന്നതിന്റെ ലക്ഷ്യം നമ്മുടെ ഹൃദയത്തിൽ നാം ഉറപ്പിക്കണം. ക്രിസ്തുവിന്റെ ഭാവമായിരിക്കണം നമ്മുടെ മനസിലെ ലക്ഷ്യം. നാം അവന്റെ വചനം പഠിക്കയും അതു മറ്റുള്ളവർക്കു പങ്കിടുകയും ചെയ്യുക. യേശുക്രിസ്തു നമ്മുടെ ആനന്ദമായിരിക്കെ നാം ഫലംകായ്ച്ചുകൊണ്ടിരിക്കണം (യോഹന്നാൻ 15:8).

ക്രിസ്ത്യാനിത്വത്തിന്റെ മികവുറ്റ സ്വഭാവത്തെ നാം ബുദ്ധിപരമായി വിലയിരുത്തുകയാണെങ്കിൽ ദൈവത്തിന്റെ വ്യവസ്ഥകളും ഏർപ്പാടുകളും പിൻപറ്റുവാൻ നാം പോരാടും. തന്നെയുമല്ല, നമ്മുടെ ഊർജ്ജം സ്വർഗ്ഗീയ ഹേതുവിനായി വിനിയോഗിക്കും. നമ്മുടെ രക്ഷക്ക് ചെയ്തുതന്ന ഉപകാരങ്ങൾ അനവധിയാണ്. നമ്മുടെ നാശം ഒഴിവാക്കി തന്ന കർത്താവിനെ ഓർക്കുമ്പോൾ നമുക്ക് എത്രമാത്രം സന്തോഷം ഉണ്ടാകും? യേശുക്രിസ്തു നമ്മുടെ സുഖം, നോട്ടം എന്നിവയെല്ലാം അനുഭവിപ്പിക്കുന്നതു കർത്താവാണ്. നമ്മുടെ മനസിനെ ദൈവത്തിന്റ അഭീഷ്ടത്തിനായി നാം തിരിക്കുകയാണെങ്കിൽ ഇപ്പോൾ നാം വസിക്കുന്ന ദേശത്തേക്കാളും എത്രയോ ശ്രേഷ്ഠമായ ഒരു സുവർണ്ണ ദേശത്തേക്കു നമ്മെ നയിക്കും എന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്.

എന്റെ ജീവിതത്തിലെ സഹായിയായി പ്രവർത്തിക്കുന്ന കർത്താവിന്റെ കരുണയെ ഞാൻ സംശയിക്കയോ? ഒരു നാളും അരുത്. എന്റെ വഴികൾ സ്ഥിരപ്പെടുത്തി എന്നെ നയിക്കുന്ന രക്ഷകൻ എന്നോടൊപ്പം ഉണ്ടെങ്കിൽ എനിക്കു മറ്റെന്തു വേണം? എപ്പിക്കൂറിയൻ തത്വജ്ഞാനം ഒരിക്കലും കർത്താവിനെ പിൻപറ്റുന്നവരോട് യോജിക്കാറില്ല. യേശുക്രിസ്തുവിനോട് വിവാഹം നിശ്ചയത്തിലേർപ്പെട്ടിരിക്കുന്ന നിർമ്മല കന്യകമാർ, അവരുടെ മണവാളൻ എവിടെ പോയാലും അവർ അവനോടു കൂടെ ആയിരിക്കും. അവരെ അവൻ വീണ്ടെടുത്തതാണ് (വെളിപ്പാട് 14:4).

ക്രിസ്തുവുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിക്കും ഉള്ളിൽ പ്രത്യാശയുണ്ട്. കൂടാരമായ ഈ ഭൗമ ഭവനം അഴിഞ്ഞുപോയാൽ നിത്യമായ ഒരു ഭവനം സ്വർഗ്ഗത്തിൽ അവർക്കായിട്ടുള്ളതുകൊണ്ട് അവർക്ക് സന്തോഷിക്കാം. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ച് അപ്പോസ്തലനായ പൗലോസ് എല്ലാം ചവറ് എന്ന് എണ്ണി. ക്രിസ്തു തന്റെ അപാര ശക്തിയാൽ നമ്മുടെ താഴ്മയുള്ള ശരീരത്തെ മഹത്വമുള്ള ശരീരമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3:21). തന്റെ ശിഷ്യന്മാരെ കർത്താവ് സ്നേഹിതന്മാർ എന്ന പോലെ കാണുന്നു. മറ്റുള്ളവരോടുള്ള ആഴമേറിയ സ്നേഹം കൊണ്ടാണ് ലോകത്തിൽ എല്ലായിടത്തും അവന്റെ ദാസന്മാരെ അയച്ചു രക്ഷാ സന്ദേശം പ്രസംഗിക്കുവാൻ വ്യവസ്ഥ ചെയ്തതു

(മർക്കൊസ് 16:15). നഷ്ടപ്പെടുന്ന ആത്മാക്കളോടുള്ള ആർദ്രത അവൻ പ്രകടമാക്കി. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാക്കൾക്കു രക്ഷാ വാഗ്ദാനം വെച്ചു ക്ഷണിക്കുമ്പോൾ, അതു എങ്ങനെ തള്ളി ക്കളയാൻ പറ്റും? അവൻ സ്നേഹത്തോടെ സൗമ്യതയോടെ ക്ഷണി ക്കയാണ്.

നാം എന്നുമെന്നും ബഹുമാനിക്കേണ്ടതായി അവന്റെ അനുഗ്ര ഹങ്ങൾ ധാരാളമുണ്ട്. മുഖ്യമായ ചിലതു എടുത്തു പറയട്ടെ. ആദ്യ മായി അവന്റെ ക്രൂശ്. അതിന്റെ പ്രാധാന്യം ഒരു മരത്തിലോ ലോഹ ത്തിലോ ഒതുങ്ങുന്നതല്ല. അപ്പോസ്തലനായ പൗലൊസ് എഴുതി യിരിക്കുന്നത് "കർത്താവായ യേശുവിന്റെ ക്രൂശിൽ അല്ലാതെ എനിക്കു പ്രശംസിപ്പാൻ ഇട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 6:14). രണ്ടാ മതായി അവന്റെ കല്പനകൾ (യോഹന്നാൻ 15:14), നിങ്ങൾ അവനെ സ്നേഹിക്കുന്നുവെങ്കിൽ അവന്റെ കല്പനകൾ പ്രമാണിക്കും.

✶

# മാതൃകാ പ്രാർത്ഥന

## ജിം E.W

സുവിശേഷ പ്രവർത്തനത്തിന്റെ പ്രാരംഭ സന്ദർഭങ്ങളിൽ യേശു തന്റെ ശിഷ്യന്മാരെ പലതും പഠിപ്പിച്ചു എന്നു നമുക്ക് അറിയാം എങ്ങനെ പ്രാർത്ഥിക്കണമെന്നും അവൻ അവരെ പഠിപ്പിച്ചു. നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ, നിന്റെ രാജ്യം വരേണ മേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേ പോലെ ഭൂമിയിലും ആകേണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ക്ഷമിക്കേണമേ, ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ (മത്തായി 6:9-13).

### പൊതുവായ നിരീക്ഷണം

യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവക്കു

മുമ്പ് അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്ന ഒരു മാതൃകാ പ്രാർത്ഥനയാണ് ഇത്. കർത്താവു പറഞ്ഞതു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ എന്നാണ്. ആവർത്തിച്ചു പ്രാർത്ഥിക്കുന്നതിലുള്ള അപാകത ചൂണ്ടി കാണിച്ചുകൊണ്ടാണ് കർത്താവ് അവരെ ശരിയായി പ്രാർത്ഥിപ്പാൻ ശീലിപ്പിക്കുന്നത്. ഈ വണ്ണം എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഇതു പോലെ പ്രാർത്ഥിക്കണം എന്നാണ്. അതു ശിഷ്യന്മാരെ പരിശീലിപ്പിച്ചതുമാണ്. അതു തന്നെ ആവർത്തിച്ചു പ്രാർത്ഥിക്കുന്നതിനു വേണ്ടിയല്ല. നിങ്ങൾ ജാതികളെ പോലെ ജല്പനം ചെയ്യരുതു എന്ന് കർത്താവ് അവരോട് പറയുന്നുമുണ്ട് (മത്തായി 6:7). പലരും ഈ പ്രാർത്ഥന ദിവസവും ഉരുവിടുന്നുണ്ട്. അതു കൊണ്ടു യാതൊരു ഫലവുമില്ല. മാത്രമല്ല, അതു നിരർത്ഥകവുമാണ്.

പെന്തെക്കൊസ്തു നാളിൽ നടക്കുന്ന സംഭവങ്ങൾക്കു മുമ്പാണ് അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതു (പ്രവൃത്തി 2 നോക്കുക). ദൈവ രാജ്യം വരുന്നതിനു മുമ്പാണ് ഈ പ്രാർത്ഥന അവർക്കു കൊടുക്കുന്നതു. തന്റെ ശിഷ്യരിൽ ചിലരോട് കർത്താവു പറഞ്ഞതു ശ്രദ്ധിക്കുക, പിന്നെ അവൻ അവരോട്: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു (മർക്കൊസ് 9:1). പെസഹ കഴിഞ്ഞ് അമ്പതു ദിവസത്തിനു ശേഷം പെന്തെക്കൊസ്തു നാളിൽ അവൻ വാഗ്ദാനം ചെയ്ത രാജ്യം ശക്തിയോടെ വന്നു (പ്രവൃത്തി 1:8). ഇതിനു മദ്ധ്യേ യേശു മരിക്കയും ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോകുകയും ചെയ്തു. ആ ദിവസം മൂവായിരം പേർ രൂപാന്തരപ്പെടുകയും രാജ്യം സ്ഥാപിതമാവുകയും ചെയ്തു (പ്രവൃത്തി 2:38-41). അങ്ങനെ യെരുശലേമിൽ ആരംഭിച്ച രാജ്യം യെഹൂദ്യാ, ശമര്യാ തുടങ്ങിയ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. ഫിലിപ്പൊസ് ശമര്യയിൽ ചെന്നു ദൈവവചനം ഘോഷിച്ചു. രാജ്യത്തിന്റെ സുവിശേഷം കേട്ട സ്ത്രീ പുരുഷന്മാർ വെള്ളത്താലും ആത്മാവിനാലും ജനിച്ചു (പ്രവൃത്തി 8:12). അങ്ങനെ അവർ ദൈവരാജ്യത്തിലായി. പിന്നീട് പൗലൊസും യോഹന്നാനും ആ രാജ്യത്തിലായി തീർന്നതിനെ പ്രതിപാദിക്കുന്നുണ്ട് (കൊലോസ്യർ 1:13; വെളിപ്പാട് 1:9).

പ്രാർത്ഥന അവസാനിപ്പിക്കുന്നതു ശ്രദ്ധിക്കുക. അവന്റെ നാമത്തിൽ അവസാനിപ്പിക്കുന്നില്ല. മറിച്ച് അവൻ സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ അടുക്കലേക്കു പോകുന്ന നാഴികയെ കുറിച്ചു സംസാരിച്ചപ്പോൾ കർത്താവ് പറയുന്നു; "അന്നു നിങ്ങൾ എന്നോട് ഒന്നും ചോദിക്കയില്ല. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ പിതാവിനോടു അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും. ഇന്നു വരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും (യോഹന്നാൻ 16:23). അതുകൊണ്ടു ദൈവം ഏകനും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും ഏകൻ, അതുകൊണ്ടു ഇന്നു നാം യേശു മുഖാന്തരമായി പ്രാർത്ഥിക്കേണ്ടതു. മറ്റുമദ്ധ്യസ്ഥന്മാരുടെ ആവശ്യമില്ല. പുണ്യവാളന്മാരിൽ കൂടെയുള്ള പ്രാർത്ഥന ദൈവം കൈക്കൊള്ളുന്നുമില്ല.

യേശുക്രിസ്തു നമ്മുടെ മഹാപുരോഹിതൻ കൂടിയാണ് (എബ്രായർ 8:1). ക്രിസതുവിന്റെ രാജ്യത്തിൽ ആളുകൾക്കു വേണ്ടി പക്ഷവാദം നടത്തുവാനുള്ള പ്രത്യേക പുരോഹിത ജാതി ഇല്ല. "അവൻ നമ്മെ പുരോഹിതന്മാർ ആക്കുന്നു (വെളിപ്പാട് 1:6). ക്രിസ്തുവിന്റെ സഭയായ അവന്റെ രാജ്യത്തിൽ ഭൂമിയിൽ ചേർക്കപ്പെടുന്ന വിശുദ്ധന്മാർ എല്ലാവരും ആണ് പുരോഹിതന്മാരായി തീരുന്നത്. അങ്ങനെയുള്ളവർ രാജകീയ പുരോഹിത വർഗ്ഗമാകുന്നു എന്നു പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നു (1പത്രൊസ് 2:9). നാം പുരോഹിതന്മാരാകകൊണ്ട്, അവന്റെ രാജ്യത്തിൽ ആയി തീർന്നതുകൊണ്ട് നമ്മുടെ മഹാ പുരോഹിതന്റെ സിംഹാസനത്തോടു അടുത്തു ചെല്ലാം (എബ്രായർ 4:14-16).

ഇപ്പോഴത്തെ പ്രാർത്ഥനക്കുള്ള ഒരു രൂപരേഖ നമുക്കു കണ്ടെത്താൻ കഴിയുന്നു. അതു ഇപ്രകാരമാണ്. 1. പിതാവിനെ സംബോധന ചെയ്യുന്നു. 2. പിതാവിന്റെ നാമത്തെ ബഹുമാനിക്കുന്നു. 3. രാജ്യത്തിന്റെ വ്യാപ്തിക്കായി പ്രാർത്ഥിക്കുന്നു. 4. ദൈവത്തിന്റെ ഇഷ്ടം നടക്കേണ്ടതിനു പ്രാർത്ഥിക്കുന്നു. 5. അന്നന്നു വേണ്ട ആഹാരത്തിനായി പ്രാർത്ഥിക്കുന്നു. 6.ക്ഷമായാചന അർപ്പിക്കുന്നു. 7. ദുഷ്ടനിൽ നിന്നു വിടുവിക്കേണ്ടതിനു പ്രാർത്ഥിക്കുന്നു. 8. യേശുക്രിസ്തു

വിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. 10. അവസാനം ആമേൻ പറയുന്നു.

**ഉള്ളടക്കം**

നമ്മുടെ പിതാവ് സ്വർഗ്ഗത്തിൽ ഇരിക്കുന്നു. ആകയാൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു വിളിച്ചുകൊണ്ടു ആരംഭിക്കുന്നു. അവൻ നമ്മുടെ കർത്താവും ദൈവവുമാണ്. അതുകൊണ്ട് നാം ഈ രീതിയിൽ അവനെ സംബോധന ചെയ്യുന്നു (പ്രവൃത്തി 4:24). എന്നാൽ ഒരാൾ ക്രിസ്തുവിനെ അനുഗമിക്കുന്നതു മുതൽ ആ ബന്ധത്തിനു ആഴമേറിയ സ്ഥാനം ലഭിക്കുന്നു. കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്ക കൊണ്ടു നമ്മേയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവ മക്കൾ ആകുന്നു. നാം ഇന്നതു ആകുമെന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു (1യോഹന്നാൻ 3:1-3). ഭൗതീകമായ അർത്ഥത്തിൽ നോക്കിയാലും ദൈവത്തെ നാം പിതാവെന്നു വിളിക്കുമ്പോൾ അതു ആദരവ് സൂചിപ്പിക്കുന്നു. ആത്മീകമായി ഭൂമിയിൽ ദൈവത്തെയല്ലാതെ ആരെയും പിതാവെന്നു വിളിക്കരുത് (മത്തായി 23:9). ദൈവത്തിനു തുല്യമായ സ്ഥാനം മനുഷ്യർക്കു കൊടുത്തു കൊണ്ടു അവരെ മെത്രാൻ എന്നും ബാവ എന്നും തിരുമേനി എന്നുമൊക്കെ വിളിക്കുന്നതു അവിവേകമാണ്.

പിതാവിന്റെ നാമത്തെ ബഹുമാനിക്കുക.

ദൈവനാമം പരിശുദ്ധമാണ്. “നിന്റെ നാമം വിശുദ്ധീകരിക്കപ്പെടട്ടെ” എന്നു പ്രാർത്ഥിക്കുന്നതുകൊണ്ടു ഉദ്ദേശിക്കുന്നതു ദൈവാധികാരം എപ്പോഴും വിശുദ്ധമാണ് എന്നത്രേ. ദൈവത്തിന്റെ പ്രത്യേക ദൂതന്മാർ എപ്പോഴും ദൈവത്തെ ബഹുമാനിക്കയും ആദരിക്കയും ചെയ്യുന്നു. “നാലു ജീവികളും ഓരോന്നിനു ആറാറു ചിറകുള്ളതായി ചുറ്റിലും അകത്തും കണ്ണു നിറഞ്ഞിരിക്കുന്നു. ഇരിക്കുന്നവനും വരുന്നവനുമായി സർവ്വ ശക്തിയുള്ള കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അവർ രാപ്പകൽ വിശ്രമം

കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു (വെളിപ്പാട് 4:8). നെഹെമ്മ്യാ പ്രവാചകന്റെ കാലത്ത് ലേവ്യർ ദൈവത്തെ വിളിച്ചതു എങ്ങനെ എന്നു അറിയേണ്ടേ? "സകല പ്രശംസക്കും സ്തുതിക്കും മീതെ ഉയർന്നിരിക്കുന്ന നിന്റെ മഹത്വമുള്ള നാമം വാഴ്ത്തപ്പെടുമാറാകട്ടെ (നെഹമ്മ്യാവ് 9:5).

പ്രപഞ്ചത്തെയും പ്രപഞ്ചത്തിലുള്ള സർവ്വത്തെയും ഉണ്ടാക്കിയ നാഥനാണ് നമ്മുടെ ദൈവം. ആകാശത്തിലെ സർവ്വ സൈന്യവും അവനെ നമസ്ക്കരിക്കുന്നു. അവന്റെ അധികാരം ഉയർന്നതാണ്. ദൈവം തന്റെ നാമത്തെ സ്ഥിരപ്പെടുത്തി നമുക്കു വെളിപ്പെടുത്തി തന്നിരിക്കുന്നത് നാം അതു ശരിയായി ഉപയോഗിക്കുന്നതിനാണ്. ദൈവനാമം നാം വൃഥാ ഉപയോഗിക്കരുത്. അങ്ങനെ ചെയ്താൽ നാം ശിക്ഷാർഹരായി തീരും. എത്രത്തോളം നാം അവന്റെ നാമത്തെ ഉയർത്തി കാണിക്കുമോ അത്രത്തോളം നാം ദൈവത്തെ ആദരിക്കുന്നു എന്നു പറയാം.

✶

# ക്രൂശിലെ കള്ളൻ

## ഫ്ളവിൽ നിക്കോൾസ്

യേശുക്രിസ്തുവിനോട് കൂടെ രണ്ടു കള്ളന്മാരെയും ക്രൂശിൽ തറച്ചിരുന്നുവല്ലോ. അവരിൽ ഒരാളോടു യേശുക്രിസ്തു പറയുകയുണ്ടായി "യേശു അവനോട്: ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു (ലൂക്കോസ് 23:43). ഇതിനെ ച്ചൊല്ലി പൊതുവായി തെറ്റിദ്ധരിച്ചിട്ടുള്ള വിശ്വാസമാണ് ക്രൂശിലെ കള്ളൻ സ്നാനം കൂടാതെ പറുദീസയിലേക്ക് എടുക്കപ്പെട്ടല്ലോ അതുകൊണ്ട് സ്നാനത്തിന്റെ ആവശ്യം ഇല്ല എന്നതു. അവരുടെ വാഗ്ദാനങ്ങൾക്കു എത്രമാത്രം പ്രസക്തി ഉണ്ട് എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. പാപിയായിരുന്നെങ്കിലും കള്ളനു യേശു പറുദീസ വാഗ്ദാനം ചെയ്തു എന്നും ക്രൂശിലെ കള്ളൻ സ്നാനപ്പെട്ടില്ല എങ്കിലും അവനു രക്ഷ കിട്ടി. അതുകൊണ്ട് സ്നാനം കുടതെ രക്ഷകിട്ടും എന്നുമാണ് അവ

രുടെ വാദം.

യേശുക്രിസ്തു മരിച്ചശേഷം പറുദീസയിൽ പോയി. കള്ളനോടു പറഞ്ഞ വാഗ്ദാന പ്രകാരം അവനും പറുദീസയിൽ പോയി. അപ്പോൾ ആ വാഗ്ദാനം നിറവേറി എന്നു നമുക്ക് അറിയാം. പക്ഷെ അവൻ സ്നാനമേറ്റിട്ടില്ലെന്ന് അവർക്ക് എങ്ങനെ തെളിയിക്കാൻ പറ്റും? ഒരുപക്ഷെ അന്ന് നിലവിലുണ്ടായിരുന്ന യോഹന്നാൻ സ്നാപകകന്റെ സ്നാനം അവൻ ഏറ്റിരിക്കാം. അതു രക്ഷകനായ യേശുക്രിസ്തുവിനു അറിയാം. ഒരിക്കൽ വചനാനുസരണം സ്നാനമേറ്റവർ പിന്നീട് സ്നാനം ഏല്ക്കേണ്ട ആവശ്യമില്ല. അവർ പിന്നീട് തെറ്റു ചെയ്താൽ മാനസാന്തരപ്പെടുകയാണ് ആവശ്യം. അവൻ അതു ചെയ്യുകയും ചെയ്യുന്നുണ്ട്. അതിന്റെ തെളിവുകൾക്കായി വചനത്തിലേക്ക് നമുക്ക് തിരിയാം.

## സ്നാനം ഏറ്റിരിക്കാം

യോഹന്നാൻ സ്നാനം കഴിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ധാരാളം പുരുഷാരം പല ഭാഗങ്ങളിൽ നിന്നും സ്നാനമേൽക്കുവാൻ വരികയുണ്ടായി (മത്തായി 3:5,6; മർക്കൊസ് 1:5; ലൂക്കൊസ് 3:7). അതുകൊണ്ട് ഈ കള്ളനും യോഹന്നാന്റെ ശിഷ്യന്മാരിൽ പെട്ട ഒരാളായിരുന്നിരിക്കാം. പിന്നീട് അവിശ്വസ്തനായി പോയതാകാം. യോഹന്നാൻ തടവിലായശേഷം യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കൊടുക്കുകയുണ്ടായി (യോഹന്നാൻ 4:1,2). കള്ളനെ പിടിച്ച് ക്രൂശിൽ തറക്കുന്നതിനു മുമ്പ് അവൻ സ്നാനപ്പെട്ടിരിക്കാം. അതുകൊണ്ട് അവൻ സ്നാനമേറ്റില്ല എന്നു പറയുന്നതു അടിസ്ഥാനരഹിതമാണ്. അതിനു തെളിവുകൾ ഇല്ല. ഒരിക്കലും തെളിയിക്കാൻ പറ്റുന്നതുമല്ല. പിന്നെ അതിൽ പിടിച്ച് തൂങ്ങി ഒഴിഞ്ഞു മാറാമെന്നതു മൗഢ്യമാണ്.

## പുതിയ നിയമത്തിൻ കീഴിൽ വരുന്നില്ല

ക്രിസ്തു മരിക്കുന്നതുവരെ അവന്റെ ഉടമ്പടി അഥവാ സാക്ഷ്യം പ്രാബല്യത്തിൽ വരുന്നില്ല (എബ്രായർ 9:15-17). നീ എന്നോട് കൂടെ ഇന്നു പറുദീസയിൽ ഇരിക്കും എന്നു വാഗ്ദാനം ചെയ്യുമ്പോഴും യേശു മരിച്ചിട്ടില്ലായിരുന്നു. ആകയാൽ കർത്താവിന്റെ നിയമം അല്ലെങ്കിൽ പുതിയ നിയമം ആ സമയത്തു ഉറപ്പായിട്ടില്ല. പുതിയനിയമ

ത്തിലെ രൂപാന്തരത്തിനു കള്ളന്റെ ഉദാഹരണം എടുക്കാവുന്നതല്ല. ഇന്നത്തെ ആളുകളുടെ രക്ഷക്കു അതു ബാധകമേയല്ല. കള്ളൻ ജീവിച്ചിരുന്നതു ന്യായപ്രമാണം നിലവിലിരുന്ന സമയത്താണ്. യേശുക്രിസ്തുവിന്റെ ജനനം മുതൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നു എന്നു ധാരണയുള്ളവർ ഉണ്ട് അതു തെറ്റാണ്. ക്രിസ്തുവിന്റെ മരണശേഷമാണ് അവൻ ആധികാരികമായി സുവിശേഷം അറിയിക്കാൻ തന്റെ ശിഷ്യന്മാരെ സർവ്വലോകത്തിലേക്കും അയക്കുന്നത്.

## കള്ളന്റെ വിശ്വാസം നമ്മെ രക്ഷിക്കുന്നില്ല

കള്ളനു അന്നുണ്ടായിരുന്ന ക്രിസ്തുവിലെ വിശ്വാസം ഇന്നു ആരെയും രക്ഷിക്കുന്നില്ല. അന്നു അവനുണ്ടായിരുന്ന വിശ്വാസം മരിക്കുന്നതിനു മുമ്പുള്ള ക്രിസ്തുവിലായിരുന്നു. യേശുക്രിസ്തു പിന്നീടാണ് മരിക്കുന്നതു; തുടർന്നു മൂന്നാം നാളാണ് ഉയിർത്തെഴുന്നേൽക്കുന്നതു; ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലായിരുന്നില്ല അവന്റെ വിശ്വാസം. അവനെ ദൈവം മരിച്ചവരിൽനിന്നു ഉയിർപ്പിച്ചിരിക്കുന്നു എന്നു നാം ഇന്നു വിശ്വസിക്കണം (റോമർ 10:9) അന്നു സംഭവിക്കാത്ത ഒരു കാര്യത്തിൽ ക്രൂശിലെ കള്ളനു എങ്ങനെ വിശ്വസിക്കാൻ കഴിയും? ആ സാഹചര്യം നോക്കിയാൽ അവന്റെ വിശ്വാസം പുതിയ നിയമാനുസരണമായിരുന്നില്ല എന്നു വ്യക്തമാകും. അതുകൊണ്ടു അവന്റെ രക്ഷയും നമ്മുടെ രക്ഷയും തമ്മിൽ ബന്ധമില്ല എന്നതാണ് വാസ്തവം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലുള്ള വിശ്വാസത്തിന്മേൽ, മാനസാന്തരത്തിന്മേൽ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് പങ്കുചേരുന്ന സ്നാനത്താൽ പ്രാപിക്കുന്ന ഒന്നാണ്. ക്രിസ്തു ദൈവ പത്രനാണെന്നു ഏറ്റു പറയുകയും വേണം.

## മഹത്തായ ആജ്ഞയിൻ കീഴിലും കള്ളൻ പെടുന്നില്ല

മഹത്തായ ആജ്ഞ എന്നതു സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കയും പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം ഏല്പിക്കയും ചെയ്യണം എന്നതാകുന്നു. യേശു ക്രിസ്തു പഠിപ്പിച്ച പ്രമാണങ്ങൾ ഒക്കെയും അനുസരിപ്പാൻ തക്കവണ്ണം അവരെ ശിഷ്യരാക്കിക്കൊൾകയും

വേണം. ഇതു നല്കിയിട്ടില്ലാത്ത സമയത്താണ് ക്രൂശിലെ കള്ളൻ ജീവിക്കുന്നതു. നമുക്കു വേണ്ടി മരിച്ച യേശു ഉയിർത്തെഴുന്നേറ്റു (1കൊരിന്ത്യർ 15:1-4). ആ ഉയിർപ്പ് നമ്മുടെ നീതീകരണത്തിനായിരുന്നു (റോമർ 4:25). അന്നുവരെ എല്ലാ അധികാരവും തനിക്ക് ഉണ്ടെന്നു കർത്താവു അരുളിച്ചെയ്തിരുന്നില്ല. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേൽക്കുവാനും കല്പിക്കുന്നതു അതിനുശേഷമായിരുന്നു. ഈ കല്പന കൊടുക്കുന്നതിനു മുമ്പായിരുന്നു ക്രൂശിലെ കള്ളൻ ജീവിച്ചിരുന്നതു. അതുകൊണ്ടു പുതിയ നിയമ കല്പന അവനെ ബാധിക്കുന്നില്ല.

മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പല പ്രത്യക്ഷതയെയും വിവരിക്കുന്ന മർക്കൊസ് യേശുവിന്റെ കല്പനയെയും സൂചിപ്പിക്കുന്നുണ്ട്. ഒരവസരത്തിൽ യേശു ശിഷ്യന്മാരോട് പറഞ്ഞതു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15,16). ക്രൂശിലെ കള്ളൻ ജീവിച്ചിരുന്നത് ഈ ആജ്ഞ നൽകുന്നതിനു മുമ്പായിരുന്നു. അതുകൊണ്ടു അവനെ പുതിയ നിയമ പരിവർത്തനത്തിന് ഒരു മാതൃകയാക്കി എടുക്കാവുന്നതല്ല.

ലൂക്കൊസിന്റെ സുവിശേഷം 23-ാം അദ്ധ്യായത്തിലാണ് കള്ളനെ പറ്റി പറയുന്നതു 24-ാം അദ്ധ്യായത്തിൽ വരുവാനിരിക്കുന്ന അവന്റെ മരണത്തെ പറ്റി വിവരിക്കുന്നു. ഉയിർത്തെഴുന്നേൽപിനെയും പരാമർശിക്കുന്നുണ്ട്. ഇന്ന് ഒരാൾ ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കണം എന്ന് കല്പിച്ചിരിക്കുന്നു (റോമർ 10:9). യേശു അപ്പോസ്തലന്മാരോട് പറഞ്ഞതു: ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോസ് 24:46,47). അതിനു മുമ്പ് ഇത്തരം പ്രസംഗം നടത്തുവാൻ ആവശ്യപ്പെടുന്നില്ല. ഈ കല്പന യെരുശലേമിൽ തുടങ്ങണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ക്രൂശിലെ കള്ളൻ ഈ പരിധിയിൽ വരുന്നില്ല.

യോഹന്നാൻ സ്നാപകന്റെ സ്നാനം ആരുടേയും നാമത്തിലായിരുന്നില്ല. മാനസാന്തര സ്നാനം കൊടുത്തിരുന്ന യോഹന്നാൻ യേശുവിനു വഴി ഒരുക്കുവാൻ വന്നവനാണ്. എന്നാൽ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്ന സ്നാനം യേശുക്രിസ്തുവിന്റെ നാമത്തിലാണ്. അതിന്റെ അർത്ഥമോ യേശുവിന്റെ അധികാരത്തിൽ എന്നതാണ്. സ്നാനം എങ്ങനെ നടത്തുവാനാണ് യേശു അധികാരപ്പെടുത്തിയിരിക്കുന്നത് എന്നതാണ് നാം ചിന്തിക്കേണ്ടതു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വേണം അതു നടത്തുവാൻ.

ഉയിർത്തെഴുന്നേറ്റ കർത്താവ് അപ്പോസ്തലന്മാരോടു പറയുന്നതു യോഹന്നാൻ വിവരിക്കുന്നുണ്ട്. യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം; പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോടു: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹന്നാൻ 20:21-23). യേശു സ്വർഗാരോഹണം ചെയ്തശേഷം സ്വർഗ്ഗത്തിൽ കെട്ടപ്പെടുകയും അഴിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ പാപങ്ങൾ മോചിച്ചു കൊടുക്കയും നിർത്തുകയും ചെയ്യുന്നതിനു അപ്പൊസ്തലന്മാർക്കു അവന്റെ വചനം നൽകി. പെന്തെകൊസ്തു നാളിൽ പത്രൊസ് അതു നടപ്പാക്കുകയും ചെയ്യുന്നു. മാനസാന്തരപ്പെട്ടു പാപ മോചനത്തിനാരയി സ്നാനം ഏല്പിൻ എന്നാണ് പറഞ്ഞതു. ആളുകൾ അതനുസരിച്ചു. അവർക്കു പാപ മോചനം ലഭിച്ചു. അനുസരിക്കാത്തവരുടെ പാപം അവരിൽ തന്നെ നിർത്തുകയും ചെയ്തു.ക്രൂശിലെ കള്ളൻ ഈ നിയമത്തിൻ കീഴിൽ വരുന്നില്ല.

ആദ്യത്തെ ആയിരങ്ങൾ

അപ്പൊസ്തല പ്രവൃത്തികളിൽ പരിവർത്തനങ്ങൾ നിരവധി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ സംഭവം എടുത്താൽ യേശുക്രിസ്തുവിന്റെ ഈ കല്പന അനുസരിക്കുന്നതു മൂവായിരം പേരാണ്. അതായതു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നാമത്തിൽ പാപ മോചന

ത്തിനായി സ്നാനമേൽക്കുന്നതു. ക്രൂശിലെ കള്ളനെ പോലെ ആരേയും അന്നു രക്ഷിച്ചതായി നാം കാണുന്നില്ല. അന്നുണ്ടായിരുന്ന ആരും ക്രൂശിലെ കള്ളൻ സ്നാനം കടാതെ പറുദിസയിലേക്കു എടുക്കപ്പെട്ടതുകൊണ്ട് എനിക്കും അങ്ങനെ മതി എന്നു ആരും പറഞ്ഞിട്ടില്ല. പത്രോസ് തന്റെ പ്രസംഗത്തിൽ അവിടെ കൂടിവന്നിരുന്ന എല്ലാവരും പാപികളാണ് എന്നു തെളിയിച്ചു കൊടുത്തു. അതു ബോധ്യമായവർ ചോദിച്ചു; ഞങ്ങൾ എന്താണ് ചെയ്യേണ്ടതു എന്ന്, അതിനു പത്രൊസ് : നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കു ലഭിക്കും എന്നു ഉത്തരം നൽകി (പ്രവൃത്തി 2:38).

✶

# ദാനിയേലിന്റെ ധൈര്യം

## ജോണി രാംസെ

ലോക ചരിത്രത്തിൽ അനേകം ധൈര്യശാലികൾ ഉണ്ടായിരുന്നതായി നാം വായിക്കുകയും മനസിലാക്കുകയും ചെയ്യുന്നുണ്ട്. എല്ലാവർക്കും ഉണ്ടാകാത്തതും എന്നാൽ അനിവാര്യവുമായ ഒന്നാണ് ധൈര്യം. ഭീരുത്വം ഭയം നിമിത്തമാണ് ഉണ്ടാകുന്നതു. എന്നാൽ ധൈര്യം വിശ്വാസത്തിൽ നിന്നാണ് രൂപപ്പെടുന്നത്. വിശുദ്ധ വേദപുസ്തകത്തിൽ ചരിത്ര പുരുഷന്മാരെ എടുത്താൽ അവരിൽ ചിലർ അസാമാന്യ ധൈര്യശാലികൾ ആയിരുന്നു എന്നു കാണാം. അവർക്കു ധൈര്യം പകർന്നതു എന്തു കൊണ്ടു? അവർക്കു ജന്മനാ ലഭിച്ച സിദ്ധിയാണോ? പലർക്കും ഇങ്ങനെയുള്ള സ്വഭാവങ്ങളെ കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ കണ്ടേക്കാം. പക്ഷെ ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യം നമ്മെയും നമ്മുടെ ബുദ്ധിയേയും ഉണർത്തും.

ദാനിയേലിന്റെ ജീവിതത്തിൽ ദൈവ വിശ്വാസത്തിലുള്ള സ്ഥാനം ഇദം പ്രഥമമായിരുന്നു. അവന്റെ ആത്മീയ ശക്തിയും വിശ്വാസ

വീര്യവും പരിശോധിച്ചാൽ അതിന്റെ മാഹാത്മ്യം നമുക്കു ഗ്രഹിക്കാം. ഉറപ്പുള്ളതും കുലുങ്ങാത്തതുമായ വിശ്വാസം അവനിൽ ഉണ്ടാകുവാനുള്ള കാരണം ശ്രദ്ധിക്കുക. ദൈവ ദർശനം ലഭിക്കുകയും അവൻ ദൈവത്തിന്റെ ശബ്ദം കേൾക്കുകയും ചെയ്തു ദൈവം അവനോടു പറഞ്ഞതു: ദാനിയേലേ നീ ഭയപ്പെടേണ്ട, നീ നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തിയ ദിവസം മുതൽ നിന്റെ വാക്ക് ഞാൻ കേട്ടിരിക്കുന്നു. നോക്കുക-ദൈവം അവനെ ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ്. ഏതൊരാൾക്കും മനോവീര്യം പകരുന്ന സന്ദർഭങ്ങൾ ഉണ്ടാകും. ഭൗതികമായി ഉണ്ടാകുന്ന ഇത്തരം സാഹചര്യങ്ങൾ ക്ഷണികങ്ങളാണ്.

ദൈവത്തോടുള്ള ബന്ധം അയയുമ്പോൾ നമ്മുടെ ധൈര്യവും ചോർന്നു പോകും. നമ്മുടെ ഏതൊരവസരത്തിലും താങ്ങുവാനും സഹായിക്കുവാനും ആളുണ്ടെങ്കിൽ പ്രശ്നമില്ല. ദാനിയേലിന്റെ ജീവിതത്തിൽ നേരിടുന്ന പ്രതിസന്ധികൾ അനവധിയാണ്. രാജകീയ ഭോജനം കഴിച്ച് സുഖലോലുപനായി കഴിയാൻ അവസരം കിട്ടിയപ്പോൾ അത് തന്റെ ആത്മീയ മുല്യത്തെ ബാധിക്കും എന്നറിഞ്ഞ് അവൻ അതു ഒഴിവാക്കി. അതായിരുന്നു ആരംഭം. വാഗ്ദാനങ്ങൾ പാലിക്കുന്നവനാണ് ദൈവം എന്ന കാര്യത്തിൽ സംശയിക്കേണ്ട കാര്യമില്ല. തന്റെ ആത്മാവിനെ നഷ്ടമാക്കുന്ന ഒരു ഉൾക്കാഴ്ച്ചയായിരുന്നില്ല അവനുണ്ടായിരുന്നത്. ബുദ്ധിയുള്ളവർ ആത്മാക്കളെ നേടും എന്ന ശലോമോന്റെ പ്രസ്താവന ഇതിൽ നിറവേറുന്നു (സദൃശവാക്യങ്ങൾ 11:30). മാനുഷിക നീതിയെ തള്ളിക്കളഞ്ഞ് ദൈവ നീതിയിൽ ഉറച്ച് നിൽക്കുവാനുള്ള കാര്യത്തിന്റെ മാതൃകയാണ് ദാനിയേൽ നമുക്ക് കാണിച്ചു തന്നിരിക്കുന്നത്.

ആത്മീയമായി ഇന്നു പലരും ഭീരുത്വം കൊണ്ടോ ഭയം കൊണ്ടോ നിദ്രയിലാണ്. എല്ലാവരും ഉണരേണ്ട സമയമാണ് ഇപ്പോൾ. കാരണം രാത്രിയാണല്ലോ ഉറങ്ങുവാനുള്ള സമയം. ക്രിസ്ത്യാനികളായി തീർന്നവർ പകലിനുള്ളവരാണ്. തെറ്റായ വഴി വിട്ടുകളയുവാനും ശരിയായി തിരഞ്ഞ് സത്യത്തെ പിൻ തുടരുവാനും ധൈര്യം ആർജ്ജിക്കണം. ഭൗതികമായ ചില കാര്യങ്ങളിൽ അസാമാന്യ സാഹസം പ്രവർത്തിക്കുന്നവരുണ്ട്. പക്ഷെ ആത്മീയമായി

സത്യത്തെ കൈക്കൊള്ളുവാൻ ഇവരിലും ഭൂരിഭാഗം പേരും മുന്നോട്ടു വരുന്നില്ല. മനുഷ്യരെ അവർ ഭയപ്പെടുന്നതു കൊണ്ടാകാം. മനുഷ്യൻ സമൂഹ ജീവിയല്ലേ? സമൂഹത്തിൽ നമുക്കു ജീവിക്കേണ്ടേ എന്ന ധാരണയാണ് അവർക്കുള്ളതു. പക്ഷെ അവർക്ക് അതുകൊണ്ടുണ്ടാകുന്ന നഷ്ടം എത്ര വലുതാണ് എന്ന് അവർ മനസിലാക്കുന്നില്ല. ഭീരുക്കളെ ദൈവത്തിനു ഇഷ്ടമല്ല എന്നു മാത്രമല്ല അവരെ ദൈവത്തിനു വെറുപ്പുമാണ്. പ്രത്രേകിച്ച് ദൈവികകാര്യങ്ങളിൽ അവർ ഭീരുത്വം പ്രകടിപ്പിക്കുമ്പോൾ ദൈവ നീതി പ്രവർത്തിക്കുന്നതിനു ധൈര്യം കാണിച്ച ദാനിയേലിന്റെ സ്വഭാവം നമുക്കു കാണിച്ചു തന്നിരിക്കുന്നതു ഉത്തമമായ ഒരു ദൃഷ്ടാന്തമാണ്.

പാപത്തിൽ മരിച്ചവരാണ് നിദ്രയിലായിരിക്കുന്നവർ. പാപത്തിന്റെ ശമ്പളം മരണമാണല്ലോ. കുറ്റം ചെയ്യുന്നവർക്കാണ് ഭയപ്പാട് ഉണ്ടാകുന്നതു. കുറ്റാരോപണം മനസാക്ഷിയിൽ കിടക്കുന്ന കാലത്തോളം അവർക്ക് ഉണർന്നു പ്രവർത്തിപ്പാൻ കഴിയുന്നതല്ല. അവരെ നിഷ്ക്രിയരാക്കും. ഉന്മേഷവും ഊർജ്ജവും നഷ്ടപ്പെടും. ഇതു ശിക്ഷയെ കുറിച്ചുള്ള ചിന്ത നിലനിൽക്കുന്നതുകൊണ്ടാണ്. പരിഹാരം ദൈവം അരുളിച്ചെയ്തിട്ടുണ്ട്. അതനുസരിക്കയാണ് പ്രതിവിധി. ആത്മീയ മന്ദതയിൽ കഴിയുന്നവരെ ജീവിപ്പിക്കാൻ കഴിയുന്നതു യേശുക്രിസ്തുവിനു മാത്രം. അവർ ഉണരേണ്ടതു നീതിക്കായിട്ടാണ്. മനുഷ്യരുടെ എല്ലാവരുടേയും പാപത്തിനും മരണത്തിനും കാരണമായതു ഏകന്റെ ലംഘനമാണ്. അതുകൊണ്ട് ദൈവ നീതി നിർവ്വഹിക്കുന്നതു ഏകന്റെ മരണത്താൽ എല്ലാവരേയും ജീവിപ്പിക്കുന്നതിലൂടെയാണ് (എഫെസ്യർ 2:1).

ഇപ്പോൾ ഉണരുവാനും ജീവിക്കുവാനും ഉള്ള അവസരം ഉണ്ട്. അതു നഷ്ടമാക്കിയാൽ പിന്നീട് ഒരിക്കലും അതു കിട്ടി എന്നു വരികയില്ല. അവസരം ഉയിർത്തെഴുന്നേൽക്കുന്നതു ശാരീരിക ജീവിതത്തിൽ ചെയ്ത പ്രവർത്തികൾക്കു തക്ക ഫലം അനുഭവിക്കാനാണ് (യോഹന്നാൻ 5:28,29). മരണത്തെയും പാതാളത്തെയും ജയിക്കുവാനുള്ള ശക്തി യേശുവിനുണ്ടെന്നു യേശുവിന്റെ ഉയിർപ്പിൽ തെളിയിച്ചു. അന്നു മരിച്ചവരിൽ ചിലർ ജീവനോടെ എഴുന്നേറ്റു പട്ടണത്തിൽ കൂടെ നടന്നുപോയി (മത്തായി 27:51). ഭാവിയിൽ ഒരുനാൾ ഭൂമിയിൽ ജീവിച്ചു മരിച്ചവർ എല്ലാവരും അവന്റെ ന്യായാസനത്തിനു

മുമ്പാകെ നില്ക്കേണ്ടി വരും (എബ്രായർ 12:2). മരണത്തെ ജയിച്ച യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചവർ, അവന്റെ കല്പനകൾ അനുസരിച്ച് മരണത്തോളം ജീവിച്ചവർക്കു ഭയപ്പെടാനില്ല. അവർക്ക് നിത്യ ജീവൻ നല്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട് (1കൊരിന്ത്യർ 15:54-57). ലോകത്തിൽ നിഷേധിക്കാനാവാത്ത തെളിവുകൾ തന്നിരിക്കുന്ന കർത്താവിൽ നമ്മുടെ വിശ്വാസം ഉറപ്പിക്കാം.

ദൈവരക്ഷയുടെ ഉറപ്പും മാഹാത്മ്യവും മനസിലാക്കിയ ദാനിയേൽ അതു മുൻകൂട്ടി അറിയിച്ചിരുന്നു (1 പത്രൊസ് 1:10-12). അവന്റെ ധീരമായ വിശ്വസ്തതക്കും മാതൃകക്കും നാം അവനോടു കടപ്പെട്ടിരിക്കുന്നു. നാമും അതുപോലെ ദൈവത്തിന്റെ പരമാധികാരത്തെ മാനിച്ച് ഹൃദയത്തിൽ വിശ്വാസം നിർണ്ണയിച്ച് ഉറപ്പിക്കുക. ദൈവ കാരുണ്യത്താലുള്ള രക്ഷ സ്വീകരിക്കുവാൻ ആദ്യമായി 3000പേർ ധൈര്യം കാണിച്ചു. അവർ ദൈവത്തെ അനുസരിക്കുവാൻ ഭയപ്പെട്ടില്ല (പ്രവൃത്തി 2:4). മനുഷ്യരെ ഭയപ്പെട്ട് മനുഷ്യ കല്പനകളെ അനുസരിക്കുന്നത് ദൈവത്തിനിഷ്ടമല്ല. ദൈവത്തെ ഭയപ്പെട്ട് ദൈവ കല്പനകൾ അനുസരിക്കുവാൻ തയ്യാറാവുക. സമ്മർദ്ദങ്ങളേയും പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ ധൈര്യം കാണിക്കുക. അങ്ങനെ ചെയ്താൽ ന്യായവിധി നാളിൽ ദൈവ മുമ്പാകെ ലജ്ജിക്കേണ്ടി വരികയില്ല. ഈ മനുഷ്യരെയും സമൂദായങ്ങളെയും വാഴുന്ന ദൈവത്തിൽ നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിൽ എല്ലാ എതിർപ്പുകളെയും അവഗണിച്ചു കൊണ്ട് ആത്മ രക്ഷക്കായി ദൈവം കല്പിച്ചിട്ടുള്ള കല്പനകൾ അനുസരിക്കുക.

✶

## ദൈവേഷ്ടം

### ബോബി. എൽ

ദൈവ സൃഷ്ടികളായിരിക്കുന്ന നാം ദൈവത്തിന്റെ ഇഷ്ടം അറിഞ്ഞിരിക്കണം. ദൈവത്തിന്റെ ഹിതം എന്താണെന്നു അറിയുക മാത്രമല്ല അതു ശരിയായി ഗ്രഹിക്കുക തന്നെ വേണം. നാം ഈ അറിവുള്ളവരായി തീർന്നാൽ, ദൈവേഷ്ടം ഗ്രഹിച്ചു കഴിഞ്ഞാൽ ദൈവഹിതം അനുസരിക്കുവാനുള്ള ഒരു കീഴ്വഴക്കം നമുക്ക് ഉണ്ടായിരി

ക്കണം. പലരും ദൈവത്തിന്റെ ഇഷ്ടം എന്തെന്നു തിരിച്ചറിയാറില്ല. അവസരം കിട്ടിയാലും അതിനെ സംശയ ദൃഷ്ടിയോടെ വീക്ഷിക്കും. ദൈവേഷ്ടം വെളിപ്പെടുത്തിയിരിക്കുന്നതു സത്യ വേദ പുസ്തകത്തിലാണ്.

ദൈവഹിതം മനസിലാക്കിയ ഒരാൾക്കു തന്റെ ജീവിതം പഴയതുപോലെ തുടരുവാൻ സാധ്യമല്ല. കാരണം ദൈവം ഒരു മാറ്റം ആവശ്യപ്പെടുന്നു. നാം മുൻപ് സ്വീകരിച്ച യജമാനനെയും ഇഷ്ടത്തെയും മാറ്റേണ്ടി വരുന്നു. ഈ ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ നമ്മുടെ ജീവിതത്തെ, നാം നയിച്ചിരുന്ന പഴയ ജീവിതത്തെ മാറ്റുവാനാണ് ആവശ്യപ്പെടുന്നതു. സ്വന്തം ഇച്ഛകളിലും വഴികളിലും ഊന്നിയുള്ള ജീവിതമല്ല ദൈവം ആഗ്രഹിക്കുന്നത് (യിരെമ്യാവ് 10:23; സദൃശവാക്യങ്ങൾ 14:12). പിന്നീട് നമുക്ക് ലോകത്തെയോ പാപത്തെയോ പിൻപറ്റുവാൻ കഴിയുന്നതല്ല. ലോകാനുരൂപമായി ജീവിച്ചിരുന്ന നാം ദൈവാനുരൂപമായി മാറ്റപ്പെടുന്നു (റോമർ 6:16-18). സമൂഹത്തിന്റെ ദുഷ്ടതയെ ഒരിക്കലും പിന്നീട് നമുക്ക് അനുകരിക്കാവുന്നതല്ല (യാക്കൊബ് 4:4). തങ്ങൾക്കു ചുറ്റുമുള്ള ലോക രാഷ്ട്രങ്ങളെ നോക്കി അനുകരിക്കയും അനുസരണക്കേടിൽ ജീവിക്കയും ചെയ്ത യിസ്രയേൽ ജനം ദൈവകോപം എന്തെന്നു രുചിച്ചറിഞ്ഞതു നാം ഒരിക്കലും മറക്കരുത്.

ദൈവഹിതം തിരിച്ചറിയുവാൻ മനസു പുതുക്കണം. മനസിലുള്ള പഴയ ചിന്തകളും നിരൂപണങ്ങളും എല്ലാം മാറ്റിയാലേ ശരിയായ ചിന്തയും വിവേചനവും സാദ്ധ്യമാകയുള്ളു. മുമ്പ് എല്ലാവരേയും സംശയ ദൃഷ്ടിയോടെ വീക്ഷിച്ചിരുന്നെങ്കിൽ അതു മാറ്റണം. നമ്മുടെ തോന്നലുകൾക്കു പ്രാധാന്യം കൊടുത്തിരുന്ന മുൻപിലത്തെ നടപ്പ് വിട്ടുകളയണം. പഴയ യജമാനനെ മാറ്റിയാൽ മാത്രം പോരാ. നമ്മുടെ ജീവിത രീതിയും മാറ്റണം. ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധം നാം മാറിയിരിക്കണം. പുതിയ കരുതലോടെ വേണം നാം ദൈവഹിതത്തിലേക്കു തിരിയുവാൻ. സ്വന്ത ഇഷ്ടത്തെ മാറ്റി നിർത്തി. ദൈവത്തിന്റെ ഇഷ്ടത്തിന്നായി നമ്മെ തന്നെ ഏല്പിച്ചു കൊടുക്കണം (മത്തായി 26:30). പിന്നെ നാം കൊടുക്കുന്ന മുൻഗണന ലൗകീക കാര്യങ്ങൾക്കായിരിക്കയില്ല. പിന്നെയോ ആത്മീയ കാര്യങ്ങൾക്കായിരിക്കും (മത്തായി 6:33; കൊലൊസ്യർ 1:1,2). സത്യത്തിന്റെ വചനം

നമ്മെ രക്ഷിക്കുവാൻ തന്നിരിക്കുന്നതു ദൈവത്തിന്റെ ഇഷ്ടമാണെന്ന് തിരിച്ചറിയുക (യാക്കൊബ് 1:18). ദൈവത്തോടുള്ള അനുസരണത്തിനായി നാം ജീവിത രീതിയെ മാറ്റുക. ദൈവേഷ്ടം നമ്മിൽ പുതിയ സ്വഭാവത്തെ രൂപപ്പെടുത്തും (1യോഹന്നാൻ 3:8-10).

മനസ്സു പുതുക്കുവാൻ ദൈവേഷ്ടം പറയുന്നുണ്ട്. മനസിനെ മാറ്റുവാൻ നാം തയ്യാറാകണം എന്നർത്ഥം (റോമർ 12:2). പാപത്തെ സേവിക്കാതിരിക്കേണ്ടതിനും ദൈവത്തെ സേവിക്കേണ്ടതിനും മാനസാന്തരം അത്യന്താപേക്ഷിതമാണ്. നമ്മുടെ ബുദ്ധി ഇവിടെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. പിതാവിന്റെ ഉപദേശം കേട്ടു ഗ്രഹിച്ചു പ്രവർത്തിക്കത്തക്ക രീതിയിലുള്ള മാറ്റമാണ് നമുക്ക് ആവശ്യം (യോഹന്നാൻ 6:24,25).

തെളിവ് മനസിലാക്കി അതിലെ സ്വാധീനതയും കൃത്യതയും ഉറപ്പു വരുത്തിയിരിക്കുന്നതു നാം സ്വായത്തമാക്കണം. ആന്തരികമായി സംഭവിക്കുന്ന ഒന്നാണ് മാനസാന്തരം. അതിന്റെ ഫലം പുറമെ കാണുവാനും കഴിയും (റോമർ 8:16). ശേഷം നമ്മുടെ പുറമെയുള്ള ജഡം നമ്മെ നിയന്ത്രിക്കുന്നതിനു അനുവദിച്ചു കൂടാ. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നതാണ് (2കൊരിന്ത്യർ 4:16). അകമെയുള്ളതു ആത്മാവാണ് ആത്മാവിനെ നാം പുതുക്കിക്കൊണ്ടിരിക്കണം. സ്വാധീനത്തിന്റെ ഫലമായുണ്ടാകുന്ന മാറ്റമാണിത്. പരമാർത്ഥതയിൽ നടക്കുന്നവരാണ് നീതിമാന്മാർ. അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ എന്നു വിളിക്കപ്പെടും. വാക്കിനാലും ക്രിയയാലും നാം ചെയ്യുന്നതെല്ലാം നാം മനസിൽ കണക്കു കൂട്ടുന്നതനുസരിച്ചായിരിക്കും. പുതുക്കം പ്രാപിച്ച മനസുള്ള ഒരാളാണ് പുതിയ സൃഷ്ടിയായി തീരുന്നതു.

ദൈവേഷ്ടം പഠിക്കുന്ന വ്യക്തി ഒരു വ്യക്തിത്വത്തിന്റെ വെല്ലുവിളി ജീവിതത്തിൽ അവതരിപ്പിക്കുകയാണ്. അതായത് തന്റെ ജീവിതം എങ്ങനെ നയിക്കുന്നു എന്നു അവർ തെളിയിക്കേണ്ടതാണ് (റോമർ 12:2). തെളിയിക്കൽ കൊണ്ട് അർത്ഥമാക്കുന്നതു അംഗീകരിക്കുന്ന ആൾക്കു തൃപ്തികരമായി തീരുക എന്നാണ്. നാം ചെയ്യുന്ന കാര്യം, പറയുന്ന കാര്യം സ്വീകാര്യമാണോ, അംഗീകരിക്കത്തക്കതാണോ എന്ന അന്വേഷണം നടത്തണം. അതു ദിനമ്പ്രതിയുള്ള പരിശോധനയിലൂടെയാണ് കഴിയുന്നതു തിരുവെഴുത്തുകളെ പരി

ശോധിച്ചു വേണം നാം ഓരോന്നു ഉറപ്പു വരുത്തുവാൻ (പ്രവൃത്തി 17:11; സങ്കീർത്തനങ്ങൾ 119:97). നമ്മുടെ ശരീരത്തിനു ഏതു പോലെ ദിവസവും ആഹാരം ആവശ്യമാണോ അതുപോലെ നമ്മുടെ ആത്മാവിനു ജീവന്റെ അപ്പമായ വചനം ദിവസവും ആവശ്യമാണ്. ശ്രദ്ധാപൂർവ്വം വേണം നാം ഓരോന്നു കണ്ടെടത്തേണ്ടത്. വിരസമായതോ അലക്ഷ്യമായതോ ആയ അന്വേഷണം ആയിരിക്കരുത് (യോഹന്നാൻ 5:39). സത്യവചനത്തെ ധ്യാനിച്ചു പഠിക്കേണ്ടിയിരുന്നു (2തിമൊഥെയോസ് 2:15). സമർപ്പിക്കപ്പെട്ടതും, ആഴമേറിയതും, ശ്രദ്ധയോടെയുള്ള നിരന്തരമായ പഠനം ലക്ഷ്യത്തിലെത്തിക്കും. അതു ദൈവേഷ്ടം മനസിലാക്കി ദൈവത്തെ പ്രസാദിപ്പിക്കുവാൻ സഹായകരവുമായി തീരും.

തെളിവുകൾ പരിശോധിച്ച് ഉറപ്പു വരുത്തുമ്പോൾ ദൈവേഷ്ടം നമ്മെ പ്രേരിപ്പിക്കുന്നു. തെളിവുകളുടെ ബലത്തിലല്ലാതെ കണ്ണടച്ച് വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടില്ല. യേശുക്രിസ്തു ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും പ്രത്യക്ഷമായ തെളിവു നൽകി വിശ്വസിപ്പിക്കയായിരുന്നു (യോഹന്നാൻ 20:30,31). തെറ്റുകൾ ധാരാളമുള്ള ഈ ലോകത്തു സത്യം കണ്ടു പിടിക്കുവാൻ ശ്രമം നടത്തേണ്ടതുണ്ട്. യേശുക്രിസ്തു പറഞ്ഞതു: സത്യം നിങ്ങൾ അറിയും. സത്യംനിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:32). സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടിക്കണം. ദൈവം അരുളിചെയ്ത കാര്യങ്ങൾ മാത്രമാണ് നമുക്ക് ആവശ്യം.

അന്വേഷണവും പരിശോധനയും അംഗീകരിക്കുന്ന ദൈവേഷ്ടം ആവശ്യപ്പെടുന്നു എന്നു നാം കണ്ടല്ലോ. ദൈവവചനം കൈക്കൊള്ളുന്ന ഒരംഗീകാരമാണ് ഇവിടെ വേണ്ടതു. പലരും പറയുന്നുണ്ട് തങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരാണ് എന്ന്. പക്ഷെ ദൈവവചനം സ്വീകരിക്കുന്ന കാര്യത്തിൽ അവർ പുറകോട്ടു മാറും. ദൈവത്തെ പ്രസാദിപ്പിക്കുവാൻ അവർക്കു വാസ്തവത്തിൽ താല്പര്യമുണ്ടെങ്കിൽ അവർ അതു അനുസരിക്കാതിരിക്കുന്നതു എന്തു കൊണ്ടു എന്നു മനസിലാകുന്നില്ല (സങ്കീർത്തനങ്ങൾ 119: 11-16). ദൈവത്തിന്റെ ചട്ടങ്ങളും പ്രമാണങ്ങളും നമ്മുടെ നടപ്പ് ശരിയാക്കുന്നതിനു വേണ്ടിയാണ്(സങ്കീർത്തനങ്ങൾ 119:105). (ശേഷം 29-ാം പേജ് നോക്കുക).

**Watch!**

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

ജീവിതത്തെ ക്രമപ്പെടുത്തുവാൻ മനുഷ്യനു ദൈവം നൽകിയിരിക്കുന്ന പത്ഥ്യവചനം അനുസരിച്ചാൽ നാം ഒരിക്കലും ലജ്ജിക്കേണ്ടി വരികയില്ല.

ദൈവം മനുഷ്യനു ഉപകാരപ്രദമായി തീരണം; തിരുവെഴുത്തുകൾ ഒരോരുത്തർക്കും പ്രയോജന പ്രദമായി തീരണം. അതാണ് ദൈവം ആഗ്രഹിക്കുന്നത് (റോമർ 12:2). യഥാർത്ഥമായ ധനം നമുക്ക് അവകാശമായി കിട്ടുന്നതു നാം ദൈവത്തെ അനുസരിക്കുമ്പോഴാണ് (എഫേസ്യർ 1:3; 3:8; എബ്രായർ 11:26). ദൈവവുമായി ഒരു ശരിയായ ബന്ധം പുനഃസ്ഥാപിക്കപ്പെടുന്നതു അപ്പോഴാണ് (2കൊരിന്ത്യർ 6:14-18). മാത്രമല്ല ദൈവത്തെ അനുസരിക്കുന്നവർക്കാണ് ദൈവം പ്രതിഫലം കൊടുക്കുന്നതു (1പത്രൊസ് 1:3-5). മനുഷ്യന്റെ ആത്മ രക്ഷക്കു വേണ്ടി എന്തു ചെയ്യണമെന്ന് പറഞ്ഞിരിക്കുന്ന ദൈവത്തെ അംഗീകരിക്കുവാൻ നാം ഇതിനു പകരം മറ്റെന്തു ചെയ്താലും ഫലമില്ല. ദൈവത്തിന്റെ സുവിശേഷം അങ്ങനെ തന്നേ പ്രസംഗിക്ക, അതു അങ്ങനെ തന്നേ കേൾക്കയും വിശ്വസിക്കയും അനുസരിക്കയും വേണം. ഇതാണ് ഇന്നു ദൈവേഷ്ടം. തികഞ്ഞതും പൂർണ്ണമായതുമായ ദൈവത്തിന്റെ വഴി തിരിച്ചറിഞ്ഞ് സഞ്ചരിക്കുക. അങ്ങനെ ചെയ്താൽ ദൈവം നിങ്ങളെ ചേർത്തുകൊള്ളും.

ദൈവശ്വാസിയമായ തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്നതാണ് ദൈവേഷ്ടം. ആരംഭത്തിൽ ദൈവം തന്റെ ഇഷ്ടം പിതാക്കന്മാരോടാണ് വെളിപ്പെടുത്തിയത്. പിന്നീട് ജനങ്ങൾ പെരുകിയപ്പോൾ, ഒന്നിലധികം പ്രവാചകന്മാരിൽ കൂടെ ദൈവം തന്റെ ഇഷ്ടം ജനത്തെ ബോധ്യമാക്കി. മോശെ എന്ന പ്രവാചകനിൽകൂടെ ദൈവം നിയമങ്ങൾ തന്റെ ജനത്തിനു നൽകി. അതായിരുന്നു തന്റെ ഇഷ്ടം എന്നു ദൈവം അതിൽകൂടെ മുന്നറിയിച്ചു. ഒരു ദേശത്തെ മുഴുവൻ ദൈവം തന്റെ പദ്ധതിയും ഇഷ്ടവും വ്യക്തമാക്കി കൊടുത്തുകൊണ്ട് ദൈവം ആരാണെന്നും അവൻ എന്താണെന്നും വെളിപ്പെടുത്തി. ദൈവേഷ്ടത്തിന്റെ പൂർണ്ണമായ വെളിപ്പാടാണ് ബൈബിൾ എന്ന് ഓരോരുത്തരും മനസിലാക്കണം. ഈ സന്ദേശമാണ് മനുഷ്യരെ ആത്മിയമായി രക്ഷിക്കുന്നത്. ഏതൊരാളും അനുസരിക്കേണ്ടത് ദൈവഹിതമാണ്, അല്ലാതെ മറ്റൊന്നുമല്ല.

★

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!